# ആത്മാവിന്റെ വസന്തം

**കാലചക്രത്തിന്റെ** കറക്കത്തിൽ വിശുദ്ധ റമദാൻ വീണ്ടും സമാഗതമായിരിക്കുന്നു. ആധുനികജീവിതത്തിന്റെ തിരക്കാർന്ന ഓട്ടത്തിനിടയിൽ മറന്നുപോയ പലതും റമദാന്റെ ത്യാഗസുരഭിലമായ പകലുകളും പ്രാർഥനാ നിർഭരമായ രാവുകളും നമ്മെ അനുസ്മരിപ്പിക്കുന്നു. ഒന്നാമതായി ഓർമിപ്പിക്കുന്നത് നാം ഊറ്റംകൊള്ളുന്ന സ്വന്തം ജീവിതത്തിന്റെ ക്ഷുദ്രത തന്നെ. ഏതാനും മണിക്കൂറുകളിലെ നിരാഹാരം മതി ഈ ജീവിതം തളർന്നുപോകാൻ. നിരാഹാരം ഏതാനും നാളുകളിലേക്കു നീണ്ടാൽ അത് തീരെ അസ്തമിച്ചുപോകുന്നു. യഥേഷ്ടം ഭുജിച്ചും കുടിച്ചും വിഹരിക്കുമ്പോൾ ആരും ഇതോർക്കാറില്ല. തിന്നാനും കുടിക്കാനും ഒരുക്കിത്തന്ന അല്ലാഹുവിനെയും അവന്റെ ഔദാര്യത്തെയും ഓർക്കാറില്ല. ഭോഗത്തേക്കാൾ വിശിഷ്ടവും മൂല്യവത്തുമാണ് ത്യാഗം എന്നാണ് റമദാൻ രണ്ടാമതായി നമ്മെ ഓർമിപ്പിക്കുന്നത്.

നമുക്കിനിയും എത്ര ആയുസ്സ് ബാക്കിയുണ്ട്? അടുത്ത റമദാനെ സ്വാഗതം ചെയ്യാൻ നാം ജീവിച്ചിരിക്കുമോ? ജീവിച്ചിരുന്നാൽ തന്നെ ആ റമദാൻ ആചരിക്കാനും അനുഭവിക്കാനും ആവതുണ്ടാകുമോ? ഒന്നും അറിഞ്ഞുകൂടാ, ആർക്കും. ഘടികാരത്തിന്റെ ഓരോ ടിക് ശബ്ദവും നമ്മെ തേടിവരുന്ന മരണത്തിന്റെ കാലൊച്ചയാണ്. നമ്മെ മാത്രമല്ല, മുഴുവൻ ലോകത്തെയും തേടുന്നുണ്ട് മരണം. ചുറ്റും നടക്കുന്ന അനേകം മരണങ്ങൾ നമ്മുടെ മരണത്തിന്റെ ആകസ്മികതയെ വിളിച്ചറിയിക്കുന്നു. ലോകത്തിന്റെ മരണവും ആകസ്മികമായിരിക്കുമെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. അനിശ്ചിതമായ ഒരു ലോകത്ത് അനിശ്ചിതമായ ഒരു ജീവിതമാണ് നാം 'ആഘോഷി'ക്കുന്നത്. അതിനു ശേഷം സുനിശ്ചിതമായ ജീവിതം കാത്തിരിക്കുന്നു എന്ന യാഥാർഥ്യം നാം മറക്കുന്നു. മത്സരാധിഷ്ഠിതമായ ആധുനിക ജീവിതത്തിൽ നമുക്ക് ചിന്തിക്കാൻ ഇന്നിന്റെ പ്രശ്നങ്ങൾ തന്നെ വേണ്ടുവോളമുണ്ട്. അതിനിടയിൽ അദൃശ്യവും വിദൂരവുമായ നാളെയെക്കുറിച്ചാലോചിക്കാൻ നേരമെവിടെ? നാം ഭാവിയെ വിറ്റ് വർത്തമാനത്തെ വാങ്ങുകയാണ്. വിറ്റുകളയുന്ന ഭാവിയുടെ ദൈർഘ്യം, വൈപുല്യം, മൂല്യം ഒന്നും നമുക്കറിഞ്ഞുകൂടാ. അതൊക്കെ ആ ഭാവിയിലെത്തുമ്പോൾ നോക്കാമെന്നാണ് ഭാവം. ഇവിടെ, അല്ലാഹുവിനെയും അവന്റെ സന്ദേശത്തെയും നിഷേധിക്കുന്നവരുടെ നേരെ ഖുർആൻ ഉന്നയിച്ച ചോദ്യം പ്രസക്തമാകുന്നു. "അവരുടെ ജീവിതാവധി ആസന്നമായിരിക്കുന്നുവെന്നു വരാം. എങ്കിൽ ആ അവധിയെത്തിയശേഷം ഏതു സന്ദേശത്തിൽ വിശ്വസിക്കാനാണവർ?" അതെ, പിന്നെ വിശ്വസിക്കാനും പ്രവർത്തിക്കാനും അവസരമില്ല. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും ഫലമനുഭവിക്കാൻ മാത്രമേ അവസരമുള്ളൂ. "എന്നെ ഒന്നു തിരിച്ചയക്കണമേ നാഥാ, പിന്നിട്ട ജീവിതത്തിൽ ഉപേക്ഷിച്ച കർമങ്ങളെല്ലാം ഞാൻ ചെയ്തുകൊള്ളാം" (23:99) എന്നോ, "നാഥാ എന്റെ അന്ത്യം അടുത്തൊരവധിയിലേക്കെങ്കിലും ഒന്നു പിന്തിച്ചുതരാത്തതെന്ത്, എങ്കിൽ തീർച്ചയായും ഞാൻ ധർമം ചെയ്യുകയും സുകൃതരിൽ ഉൾപ്പെടുകയും ചെയ്യുമായിരുന്നു" (63:10) എന്നോ വിലപിച്ചതുകൊണ്ടും ഫലമില്ല. അതിനാൽ വിശ്വാസിയുടെ ഓരോ റമദാനും അവന്റെ അവസാനത്തെ റമദാനാണ്, സ്വയം സംസ്കരിക്കാൻ ദൃഢനിശ്ചയമെടുത്ത് പ്രവർത്തിക്കാനുള്ള സുവർണാവസരമാണ്.

വിശുദ്ധിയുടെ വസന്തം, പുണ്യത്തിന്റെ പൂക്കാലം, ആത്മീയതയുടെ ഉത്സവകാലം എന്നൊക്കെ റമദാൻ വർണിക്കപ്പെടാറുണ്ട്. ഇതൊന്നും വെറും അലങ്കാര വാക്കുകളല്ല. പ്രകൃതി ഓരോ കാര്യത്തിനും അതിന്റേതായ ഒരു ഋതു-സീസൺ- നിശ്ചയിച്ചിട്ടുണ്ട്. വിത്തിടാനും നടാനും ഒരു കാലം, ഫലം കൊയ്യാൻ മറ്റൊരു കാലം. മഴക്കൊരു കാലം, മഞ്ഞിനൊരു കാലം. ഭൂമി നനഞ്ഞ് ഉർവരമാകുന്ന കാലത്താണ് വിതക്കേണ്ടത്. എങ്കിലേ സമൃദ്ധമായ വിളവുണ്ടാകൂ. വളക്കൂറുള്ളതാണെങ്കിലും വരണ്ട ഭൂമിയിൽ വിത്തുകൾ മുളക്കില്ല. മുളച്ചാലും നല്ല വിളവുണ്ടാവില്ല. വ്യാവസായിക ഉൽപന്നങ്ങൾക്കും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ആവശ്യക്കാരുടെ സമ്മർദവും അനുസരിച്ചുള്ള സീസണുകളുണ്ട്. ഓരോന്നും അതിന്റെ കാലത്ത് നടക്കുമ്പോഴേ ഉൽപാദനവും വിതരണവും സുഗമവും ലാഭകരവുമാകൂ.

ഇതുപോലെ ആത്മാവിന്റെ വസന്തമാണ് റമദാൻ. ആത്മാവ് അഭൗതികമാണല്ലോ. അതിന്റെ വസന്തവും അഭൗതികമാവുക സ്വാഭാവികം. അതുകൊണ്ട് റമദാൻ എന്തുകൊണ്ട്, എങ്ങനെ ആത്മാവിന്റെ വസന്തമാകുന്നു എന്നു നിർണയിക്കാൻ നമുക്കാവില്ല. സത്യവും അസത്യവും, ഇരുട്ടും വെളിച്ചവും പോലെ വ്യതിരിക്തമാക്കി കാണിച്ചുതരുന്ന ദിവ്യാത്ഭുത ഗ്രന്ഥമായ ഖുർആൻ അവതരിച്ചത് റമദാനിലാണ്. ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ഖദ്ർ ഈ മാസത്തിലാണ്. ഇസ്‌ലാമും കുഫ്റും തമ്മിൽ നിർണായകമായ പ്രഥമ പോരാട്ടം നടന്നതും ഇതേ മാസത്തിലാണ്. വ്രതമാസമായി നിശ്ചയിക്കപ്പെട്ടതും അതുതന്നെയായത് യാദൃഛികമല്ല. റമദാൻ മാസത്തിന് മറ്റു മാസങ്ങളേക്കാൾ മാറ്റുണ്ടെന്ന് മനസ്സിലാക്കാൻ ഇതുതന്നെ ധാരാളം. ആരാധനാനുഷ്ഠാനങ്ങൾക്കും ദാനധർമങ്ങൾക്കും മറ്റു സൽകർമങ്ങൾക്കും ഏറ്റവും കൂടുതൽ വിളവ് നൽകുന്നതാണ് ആ സവിശേഷതയെന്ന് പ്രവാചക വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ഏതു കർഷകനും ആദ്യം ചെയ്യേണ്ടത് മണ്ണൊരുക്കുകയാണല്ലോ. സംസ്കരണകൃഷിയിലും ആദ്യം വേണ്ടത് അതുതന്നെ. ഒന്നാമതായി മണ്ണിൽനിന്ന് കളകൾ പറിച്ചുകളയണം, കീടങ്ങൾ നീക്കം ചെയ്യണം. തന്നിൽ ഉള്ള ദുശ്ശീലങ്ങളും ദുർനടപ്പുകളും വർജിക്കുകയും നേരത്തെ വന്നുപോയ തെറ്റുകുറ്റങ്ങൾ ആവർത്തിക്കില്ലെന്ന ദൃഢനിശ്ചയം ചെയ്യുകയുമാണ് ആത്മീയ കർഷകന്റെ കള പറിക്കലും കീടനശീകരണവും. കളകളും കീടങ്ങളും നിറഞ്ഞ മണ്ണിലെറിയുന്ന വിത്തുകൾ മുളച്ചുവരുമ്പോഴേക്കും കളകളും കീടങ്ങളും അതിനെ നശിപ്പിക്കും. അടുത്ത പടി നനയാണ്. ദൈവഭക്തിയുടെയും പാപങ്ങളിൽനിന്നുള്ള പശ്ചാത്താപത്തിന്റെയും കണ്ണീരുകൊണ്ടാണ് റമദാനിൽ മനസ്സാകുന്ന മണ്ണിനെ നനക്കേണ്ടത്. ഈ മണ്ണിലാണ് വ്രതം തഴച്ചുവളർന്ന് പുഷ്ക്കലമാവുക. നമസ്കാരാദി ഇബാദത്തുകൾ ഈ ചെടിക്ക് വളരാൻ സൂര്യപ്രകാശവും ചൂടും പോലെ അനിവാര്യമാകുന്നു. ദാനധർമങ്ങളും ഐഛികമായ ആരാധനകളും പുണ്യകർമങ്ങളും അതിന്റെ അതിവിശിഷ്ട വളങ്ങളാണ്. വളപ്രയോഗം എത്ര നന്നാകുന്നുവോ അത്രത്തോളം വിളവ് വർധിക്കുന്നു. ഇതാണ് റമദാനിലെ പുണ്യങ്ങൾക്ക് ഇരട്ടിയിരട്ടിയായി കർമഫലം ലഭിക്കുന്നതിന്റെ പൊരുൾ. ഈ പൊരുൾ അർഹിക്കുംവണ്ണം പരിഗണിച്ചുകൊണ്ട് റമദാനെ സമീപിക്കുന്നവർക്ക് അത് അടുത്ത റമദാൻ വരേക്കുള്ള പരിശുദ്ധിയും പാപപരിഹാരവുമാകുന്നു. പക്ഷേ ഒരാചാരമെന്ന നിലയിൽ മാത്രം നോമ്പെടുക്കുകയും കൈയിലുള്ള പണത്തിൽനിന്ന് കുറെ ദാനം ചെയ്യുകയും മാത്രം ചെയ്യുന്നത് അടുത്ത റമദാൻ വരെയുള്ള പരിശുദ്ധിക്ക് ഈടാകുന്നില്ല. വിത്തിടാതെ വളം ചേർക്കുകയും വെള്ളവും വളവും ചേർക്കാതെ വിത്തിടുകയുമൊക്കെ ചെയ്യുന്നതുപോലുള്ള മൂഢ നടപടിയാണത്. നമ്മുടെ റമദാൻ അങ്ങനെ ആയിപ്പോകാതിരിക്കാൻ കാരുണികനായ അല്ലാഹു ഉതവിയരുളുമാറാകട്ടെ. ■